## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2135

26.03.2013- ലെ മറുപടിക്ക്

### കാർഷിക വായ്പകൾ എഴുതിത്തള്ളുന്ന നടപടി

**ചോദ്യം**

ശ്രീ. വി. ശിവൻകുട്ടി :

എ) തിരിച്ചടവ് കാലാവധി അവസാനിച്ചതും ഇരുപത്തി അയ്യായിരം രൂപയിൽ താഴെയുള്ളതുമായ സഹകരണ കാർഷിക വായ്പകൾ എഴുതിത്തള്ളുന്നതിന് സർക്കാർ തയ്യാറാകുമോ;

ബി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

(എ) & (ബി) ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഒരു ഹെക്ടറോ അതിൽ താഴെയോ ഭൂമിയുള്ള ചെറുകിട കർഷകർ സഹകരണ ബാങ്കുകൾ വഴി എടുത്തിട്ടുള്ള നബാർഡ് കാർഷിക വായ്പയുടെ പലിശ ഇനത്തിൽ 15.03.2013 ൽ കൊടുത്തു തീർക്കുവാൻ അവശേഷിക്കുന്ന കുടിശ്ശിക തുക മുഴുവൻ സർക്കാർ എഴുതി തള്ളുന്നതാണെന്ന് 2013-14 സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വായ്പയുടെ മുതൽ തുക അടയ്ക്കുന്നവർക്ക് വൺടൈം സെറ്റിൽമെന്റ് എന്ന നിലയിലായിരിക്കും ഈ പലിശ സൗജന്യം നൽകുക.

സെക്ഷൻ ഓഫീസർ